പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6240 — 08.07.2014 -ൽ മറുപടിയ്ക്ക്

# ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>,, പി.എ. മാധവൻ<br>,, പാലോട് രവി<br>,, എം.പി. വിൻസെന്റ് | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |

---

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് ധനസഹായം നൽകുന്നുണ്ടോയെന്ന് വിശദമാക്കുമോ ;

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് ധനസഹായം നൽകുന്നുണ്ട്. സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി ലഹരി മോചന കേന്ദ്രങ്ങൾക്ക് ധന സഹായം നൽകുന്നതിനായി 2012-13 സാമ്പത്തിക വർഷത്തിൽ 3.50 കോടിരൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഇതിനായി ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങളുടെ യോഗ്യത നിശ്ചയിക്കുന്നത് എങ്ങനെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് ധന സഹായം നൽകുന്നതിനായി ഇത്തരം സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുന്നതിന് ആവശ്യമായ മാനദണ്ഡം 23/06/2013-ലെ ജി.ഒ.(എം.എസ്) നം. 147/2013/നി.വ പ്രകാരം സർക്കാർ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പരിശോധനകൾക്കായി ജില്ലാ തലങ്ങളിലും സംസ്ഥാനതലങ്ങളിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ ചെയർമാനായും, ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ കൺവീനറായും, ജില്ലാ സാമൂഹ്യനീതി ഓഫീസർ, ഒരു സാമൂഹ്യ പ്രവർത്തകൻ എന്നിവർ അംഗങ്ങളുമായാണ് ജില്ലാതല സമിതി രൂപീകരിച്ചിട്ടുള്ളത്. എക്സൈസ് കമ്മീഷണർ ചെയർമാനായും, കെ.എസ്.ബി.സി മാനേജിംഗ് ഡയറക്ടർ കൺവീനറായും, സാമൂഹ്യനീതി

| | | | |
|---|---|---|---|
| | | | ഡയറക്ടർ, സർക്കാർ നിർദ്ദേശിച്ച ഒരു സാമൂഹ്യ പ്രവർത്തക എന്നിവർ അംഗങ്ങളുമായാണ് സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടുള്ളത്. ധനസഹായം ലഭിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു കൊണ്ട് പത്രവാർത്ത നൽകുകയും ലഭിച്ച അപേക്ഷകൾ ജില്ലാതല സമിതികൾ മാനദണ്ഡ പ്രകാരംപരിശോധിക്കുകയും അർഹതയുള്ള സ്ഥാപനങ്ങളുടെ അപേക്ഷകൾസംസ്ഥാനതല സമിതിയുടെ മുൻപാകെ ശുപാർശ ചെയ്യുകയും ചെയ്യുന്നു. ആയത് സംസ്ഥാനതല സമിതി വിശദമായി പരിശോധിക്കുകയും, യോഗ്യതയുള്ള സ്ഥാപനങ്ങൾക്ക് സർക്കാർ ധന സഹായം നൽകുകയുമാണ് ചെയ്യുന്നത്. |
| (സി) | എന്തെല്ലാം ധനസഹായങ്ങളാണ് പ്രസ്തുത കേന്ദ്രങ്ങൾക്ക് നൽകുന്നതെന്ന് വിശദമാക്കുമോ ; | (സി) | ലഹരി വിമുക്ത ചികിത്സ, ലഹരി വിമുക്ത ബോധവൽക്കരണ ചികിത്സാക്യാമ്പ് എന്നിങ്ങനെ രണ്ട് വിഭാഗങ്ങൾക്കായിട്ടാണ് ഇത്തരം സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിക്കുന്നത്. |
| (ഡി) | ഇതിനുള്ള ഫണ്ട് കോർപ്പറേഷൻ എങ്ങനെയാണ് കണ്ടെത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | കേരള സ്റ്റേറ്റ്ബിവറേജസ് കോർപ്പറേഷന്റെ വരുമാനത്തിൽ നിന്നും സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി നീക്കിവെച്ചിട്ടുള്ള തുക ഉപയോഗിച്ചാണ് ഈ പദ്ധതിയുടെ ഫണ്ട് കണ്ടെത്തുന്നത് |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്